(ഇ) പാസ് അനുസരിച്ച് ഒരോ ദിവസവും ഓരോ പാസുകാരനും എത്ര ലോറി മണൽവീതം കൊണ്ടുപോയി എന്ന വിവരവും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുമോ; ഇപ്രകാരം മണൽ നീക്കം സുതാര്യമാക്കുന്നതുകൊണ്ട് മണൽ നീക്കത്തിന് ഉണ്ടായേക്കാവുന്ന കബളിപ്പിക്കൽ അവസാനിപ്പിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി). അംഗീകാരം ഇല്ലാത്ത കടവുകൾ അടച്ചുപൂട്ടാനും അപ്രകാരമുള്ള കടവുകളിലേക്ക് വാഹനങ്ങൾ ഇറങ്ങുന്നതിന് തടയാനുള്ള പ്രൊട്ടക്ഷൻ വാൾ കെട്ടുന്നതിനും, അംഗീകാരം ഇല്ലാത്ത കടവുകൾ തുറക്കുന്നതിനോ അതിന് അനുവാദം നൽകുന്ന ഭൂ ഉടമകളെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കടവിൽ നിന്ന് മണൽ കൊണ്ടുപോകുന്ന വാഹനങ്ങൾക്ക് നൽകുന്ന പാസിൽ കൊണ്ടുപോകുന്ന മണലിന്റെ അളവ് രേഖപ്പെടുത്തുന്നുണ്ട്. ഇതിലേക്ക് പ്രത്യേക കണക്ക് ഓരോ കടവിലും സൂക്ഷിക്കാനും ഈ കണക്ക് മണൽ ആഡിറ്റ് ചെയ്യുമ്പോൾ നല്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഓരോ വാഹനത്തിനും മണൽകൊണ്ടു പോകുമ്പോൾ പ്രത്യേകം പാസ് നല്കുവാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ പാസ് മണൽ വാങ്ങുന്ന ആൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഇ) ഓരോ വാഹനത്തിലും മണൽ കൊണ്ടുപോകുന്നതിന് പ്രത്യേക പാസ് നല്കുവാനും അതിന്റെ കണക്ക് സൂക്ഷിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സീതത്തോട് കേന്ദ്രമാക്കി വില്ലേജ് ആഫീസ്

11 [2900] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിലെ ചിറ്റാർ-സീതത്തോട് എന്ന വില്ലേജാഫീസിൽ ആണ് ചിറ്റാർ, സീതത്തോട് എന്നീ രണ്ട് പഞ്ചായത്തുകളിലെ മുഴുവൻ റവന്യൂ സംബന്ധിച്ച ജോലികളും ചെയ്യുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സീതത്തോടിന്റെ കിഴക്കൻ മേഖലയിലെ ജനങ്ങൾക്കും, ജീവനക്കാർക്കും ഒരേപോലെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിൽ, ചിറ്റാർ-സീതത്തോട് വില്ലേജ് വിഭജിച്ച്, സീതത്തോട് കേന്ദ്രമാക്കി ഒരു വില്ലേജ് ആഫീസ് രൂപീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ താലൂക്കുകളുടേയും വില്ലേജുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. അദ്ദേഹം ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെട്ടതിനെ തുടർന്ന് കമ്മീഷന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. പുതിയ കമ്മീഷനെ നിയമിക്കുവാൻ സർക്കാരുദ്ദേശിക്കുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ വില്ലേജ് രൂപീകരണം സാദ്ധ്യമാവുകയുള്ളു.

വില്ലേജ് ഓഫീസർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ അധികാരം

12 [2901] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ വില്ലേജ് ഓഫീസർ മുഖാന്തിരം താലൂക്ക് ഓഫീസറാണ് നൽകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്കൂൾ സർട്ടിഫിക്കറ്റുകളിലും മറ്റും ജാതി കൃത്യമായി രേഖപ്പെടുത്തിയവർക്ക് അവരുടെ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി വില്ലേജ് ഓഫീസറെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെടുത്തുമോ;

(സി) ഒരു താലൂക്കിൽ നിന്നും മറ്റൊരു താലൂക്കിലേക്ക് വിവാഹം കഴിച്ചു കൊണ്ടുവന്നവർക്കും, സ്ഥിരതാമസക്കാർക്കും, അവർ താമസിക്കുന്ന വില്ലേജ് ഓഫീസർ മുഖേന തന്നെ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്.സി/എസ്.ടി. വിഭാഗക്കാർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് ഇപ്പോൾ തഹസിൽദാർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ സർട്ടിഫിക്കറ്റ് നൽകിവരുന്നു. നിലവിലുള്ള ഈ സംവിധാനത്തിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly